# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 06.03.2025**

### പ്രധാനവാർത്തകൾ

1) ന്യൂനപക്ഷങ്ങൾക്ക് ഏറ്റവുമധികം പ്രാധാന്യം നൽകുന്ന രാജ്യമാണ് ഇന്ത്യയെന്ന് കേന്ദ്ര മന്ത്രി കിരൺ റിജിജു.പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രമിൻറെ അവലോകനയോഗം കേന്ദ്രമന്ത്രി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു.

2) കാട്ടുപന്നി സാന്നിധ്യമുള്ള പ്രദേശങ്ങളിൽ കർമസേന രൂപീകരിച്ച് പ്രത്യേക ദൗത്യം നടപ്പാക്കുമെന്ന് വനം മന്ത്രി എ.കെ ശശീന്ദ്രൻ.

3) ജേഡ് സർവീസിൽ, ദക്ഷിണ ഏഷ്യയിലെ പ്രധാന തുറമുഖം ആകാനൊരുങ്ങി വിഴിഞ്ഞം.

4) സി പി ഐ (എം) സംസ്ഥാനസമ്മേളനം ഇന്ന് കൊല്ലത്ത് ആരംഭിച്ചു. സമ്മേളനത്തിൽ നയരേഖ അവതരിപ്പിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ.

5) സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. തൃശൂർ, പാലക്കാട് ജില്ലകളിൽ താപനില 38 ഡിഗ്രി സെൽഷ്യസ് വരെ ഉയരുമെന്ന് മുന്നറിയിപ്പ്.

6) ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ്, പഞ്ചാബ് എഫ്‌സിയെ നേരിടും.

**************

PNU TVPM

## കിരൺ റിജിജു

രാജ്യത്തെ ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കും പ്രാധാന്യം കൊടുക്കുന്ന സംസ്ഥാനമാണ് കേരളമെന്ന് കേന്ദ്ര മന്ത്രി കിരൺ റിജിജു. പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രമിൻറെ ദക്ഷിണ മേഖലാ അവലോകന യോഗവും പരിശീലന ശിൽപ്പശാലയും തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ന്യൂനപക്ഷങ്ങൾക്ക് ഏറ്റവുമധികം പ്രാധാന്യം നൽകുന്ന രാജ്യമാണ് ഇന്ത്യയെന്നും മന്ത്രി പറഞ്ഞു. നിരവധി പദ്ധതികളാണ് കേന്ദ്ര സർക്കാർ ന്യൂനപക്ഷങ്ങൾക്കായി നടപ്പാക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, സംസ്ഥാന ന്യൂനപക്ഷകാര്യ മന്ത്രി വി അബ്ദു റഹിമാൻ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

**************

## എ.കെ.ശശീന്ദ്രൻ(ഇൻട്രോ)

കാട്ടുപന്നിയുടെ സാന്നിധ്യമുള്ള പ്രദേശങ്ങളിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തി കർമസേന രൂപീകരിച്ച് പ്രത്യേക ദൗത്യം നടപ്പാക്കുമെന്ന് വനം മന്ത്രി എ.കെ ശശീന്ദ്രൻ. ഈ മാസം 15നുള്ളിൽ പ്രക്രിയ പൂർത്തിയാക്കും. കാട്ടുപന്നികൾക്കായി വ്യാപകമായി തിരച്ചിൽ നടത്തുകയും ആവശ്യമെങ്കിൽ വെടിവെക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യും. കണ്ണൂർ മൊകേരി പഞ്ചായത്ത് ഹാളിൽ ചേർന്ന ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. കാട്ടുപന്നിയെ വെടിവെക്കുന്നതിനുള്ള ഉത്തരവ് പുതുക്കുന്നതിനുള്ള അവകാശം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്കുണ്ടെന്നും ഡ്രൈവിൽ ജനകീയ സഹകരണം ഉണ്ടാകണമെന്നും മന്ത്രി പറഞ്ഞു.

(ഹോൾഡ്)

വന്യജീവികളുടെ ആക്രമണത്തിൽ ഉണ്ടായ കൃഷിനാശം വിലയിരുത്തി ജില്ലാ കൃഷി ഓഫീസർ ഒരാഴ്ചയ്ക്കകം വനംവകുപ്പിന് റിപ്പോർട്ട് നൽകണമെന്ന് മന്ത്രി നിർദ്ദേശിച്ചു. മൊകേരിയിൽ

RNUTVPM

കാട്ടുപന്നി ആക്രമണത്തിൽ കൊല്ലപ്പെട്ട കർഷകൻ ശ്രീധരന്റെ വീടും മന്ത്രി സന്ദർശിച്ചു.

**************

## രാഷ്ട്രപതി വനിതാദിനം

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ മറ്റന്നാൾ നടക്കുന്ന ദേശീയ സമ്മേളനം രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്യും. നാരി ശക്തിയിലൂടെ വികസിത ഭാരതം എന്ന പ്രമേയത്തിൽ കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയമാണ് പരിപാടി സംഘടിപ്പിക്കുന്നത്. സായുധ സേനാംഗങ്ങൾ, ആശ, അങ്കൻവാടി പ്രവർത്തകർ തുടങ്ങി സമൂഹത്തിൻറെ നാനാതുറകളിൽ നിന്നുമുള്ള വനിതകൾ പരിപാടിയിൽ പങ്കെടുക്കും.

**************

## ജയശങ്കർ

വിദേശകാര്യ മന്ത്രി എസ്. ജയശങ്കറിൻറെ യുകെ പര്യടനത്തിനിടെയുണ്ടായ സുരക്ഷാ വീഴ്ചയെ അപലപിച്ച് ഇന്ത്യ. തീവ്രവാദ സംഘങ്ങളുടെ ഇത്തരം പ്രവർത്തനങ്ങളെ അപലപിക്കുന്നതായി വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പ്രസ്താവനയിൽ പറഞ്ഞു.

RNU TVPM

**************

## വിഴിഞ്ഞം (ഇൻട്രോ)

ലോകത്തിലെ ഏറ്റവും വലിയ ഷിപ്പിംഗ് കമ്പനിയായ എം എസ് സി യുടെ ജേഡ് സർവീസിലേക്ക് വിഴിഞ്ഞം തുറമുഖത്തെ കൂടി ഉൾപ്പെടുത്തി. ജേഡ് സർവീസിലെ ദക്ഷിണ ഏഷ്യയിലെ പ്രധാന കേന്ദ്രമായി ഇതോടെ വിഴിഞ്ഞം തുറമുഖം മാറും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.

(വോയ്സ്)

**************

## സി പി ഐ (എം) സമ്മേളനം

സി പി ഐ (എം) സംസ്ഥാനസമ്മേളനത്തിന് കൊല്ലത്ത് തുടക്കമായി. പ്രതിനിധി സമ്മേളനം പോളിറ്റ് ബ്യൂറോ അംഗവും, കോ-ഓർഡിനേറ്ററുമായ പ്രകാശ് കാരാട്ട് ഉദ്ഘാടനം ചെയ്തു. സിപിഐ(എം) സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. 'നവകേരളത്തിൻ്റെ പുതുവഴികൾ' എന്ന നയരേഖ, മുഖ്യമന്ത്രി പിണറായി വിജയൻ സമ്മേളനത്തിൽ അവതരിപ്പിച്ചു. ഞായറാഴ്ച നടക്കുന്ന ബഹുജനറാലിയോടെയാണ് സംസ്ഥാന സമ്മേളനത്തിന് സമാപനമാവുക.

**************

## പ്രതിപക്ഷ നേതാവ്

ജോർദാനിൽ വെടിയേറ്റു മരിച്ച തുമ്പ സ്വദേശി തോമസ് ഗബ്രിയേൽ പെരേരയുടെ മൃതദേഹം നാട്ടിലേക്ക് എത്തിക്കാനുള്ള ചെലവ് കേന്ദ്ര സർക്കാർ വഹിക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ വിദേശകാര്യ മന്ത്രി എസ് ജയശങ്കറിന് കത്തയച്ചു. മൃതദേഹം സമയബന്ധിതമായി നാട്ടിൽ എത്തിക്കാനുള്ള നിർദ്ദേശം ഇന്ത്യൻ എംബസിക്ക് നൽകണമെന്നും മരണം സംബന്ധിച്ച് അന്വേഷണം നടത്തണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു.

RNU TVPM

**************

## ചോദ്യക്കടലാസ് ചോർച്ച

ക്രിസ്മസ് പരീക്ഷാ ചോദ്യക്കടലാസ് ചോർച്ചയുമായി ബന്ധപ്പെട്ട് മലപ്പുറത്തെ അൺ എയിഡഡ് സ്കൂളിലെ പ്യൂണിനെ ക്രൈം ബ്രാഞ്ച് പിടികൂടിയ പശ്ചാത്തലത്തിൽ വകുപ്പുതല നടപടികൾ ആരംഭിക്കാൻ വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകി. മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടർ സ്കൂൾ സന്ദർശിച്ച് റിപ്പോർട്ട്

സമർപ്പിച്ചിരുന്നു. അതേസമയം, കേസിൽ ആരോപണം നേരിടുന്ന എം എസ് സൊല്യൂഷന്റെ സ്ഥാപകനും സി.ഇ.ഒ.യുമായ ഷുഹൈബ് ഇന്ന് അന്വേഷണസംഘത്തിന് മുന്നിൽ കീഴടങ്ങി. ഇയാളുടെ മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതി തള്ളിയിരുന്നു. ഇതേ സ്ഥാപനത്തിലെ രണ്ട് അധ്യാപകർ നേരത്തെ അറസ്റ്റിലായിരുന്നു.

**************

## ഹരിതചട്ടം

ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് ഉത്സവ മേഖലകളിൽ ഹരിതചട്ടം കർശനമാക്കി. ക്ഷേത്ര വളപ്പിലെ താത്കാലിക സ്റ്റാളുകളിലും ഉത്സവ മേഖലകളിലെ വ്യാപാര സ്ഥാപനങ്ങളിലും ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡും കോർപ്പറേഷനും സംയുക്തമായി നടത്തിയ പരിശോധനയിൽ 25 കിലോയോളം പ്ലാസ്റ്റിക്, നിരോധിത ഉത്പന്നങ്ങൾ പിടിച്ചെടുത്തു. വൃത്തിഹീനമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ട സ്ഥാപനങ്ങൾക്ക് അധികൃതർ നോട്ടീസ് നൽകി. വരും ദിവസങ്ങളിലും പരിശോധന ശക്തമാക്കുമെന്ന് അധികൃതർ വ്യക്തമാക്കി.

RNU TVPM

**************

## ആറ്റുകാൽ പൊങ്കാല

ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് കെഎസ്ആർടിസി അധിക സർവ്വീസുകൾ ഒരുക്കും. കിഴക്കേകോട്ടയിൽ നിന്ന് ക്ഷേത്രത്തിലേക്ക് 20 ബസ്സുകളുടെ ചെയിൻ സർവ്വീസും ഒരുക്കിയിട്ടുണ്ട്.

**************

## ഏഴരപ്പൊന്നാന

ഏറ്റുമാനൂർ മഹാദേവ ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച ഏഴര പൊന്നാന ദർശനം ഇന്ന്. രാത്രി 11.30 ഓടെ ഏറ്റുമാനൂരപ്പനെ ആസ്ഥാന മണ്ഡപത്തിലേയ്ക്ക് എഴുന്നള്ളിക്കും.

തുടർന്ന് പൂജകൾക്ക് ശേഷം അർദ്ധരാത്രിയോടെ മണ്ഡപം തുറക്കുന്നതോടെയാണ് ഏഴരപ്പൊന്നാന ദർശനം ആരംഭിക്കുക.

**************

## എസ്.ഡി.പി.ഐ

എസ്.ഡി.പി.ഐ ഓഫിസുകളിലെ ഇ.ഡി റെയ്ഡിനു പിന്നാലെ മലപ്പുറത്ത് സംഘടനാ പ്രവർത്തകർ പ്രതിഷേധം നടത്തി. ഇ.ഡി റെയ്ഡ് നടന്ന എസ്.ഡി.പി.ഐ ഓഫിസിനു മുന്നിലുണ്ടായ പ്രതിഷേധ പ്രകടനത്തെ തുടർന്ന് സുരക്ഷാ ഉദ്യോഗസ്ഥർ ഇടപ്പെട്ടാണ് ഇ.ഡി ഉദ്യോഗസ്ഥർക്ക് തിരികെ പോവാൻ വഴിയൊരുക്കിയത്. 10 സംസ്ഥാനങ്ങളിലെ 12 എസ്.ഡി.പി.ഐ ഓഫിസുകളിലാണ് ഇ.ഡി റെയ്ഡ് നടത്തിയത്.

**************

## തൊഴിൽ തർക്കം-സ്വിഗ്ഗി

ഓൺലൈൻ ഭക്ഷണ വിതരണ ശൃംഖലയായ സ്വിഗ്ഗിയിലെ തിരുവനന്തപുരം ജില്ലയിലെ തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിച്ചു. അഡീഷണൽ ലേബർ കമ്മീഷണറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. മാർച്ച് 10 മുതൽ പുതിയ നിരക്ക് പ്രാബല്യത്തിൽ വരും.

**************

## കാട്ട് പോത്ത് ആക്രമണം

തൃശ്ശൂർ മലക്കപ്പാറയിൽ കാട്ട് പോത്തിന്റെ ആക്രമണത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന ഇതര സംസ്ഥാന തൊഴിലാളി മരിച്ചു. തോട്ടം തൊഴിലാളിയായ സഞ്ജയ് ആണ് മരിച്ചത്.

**************

## ഇടുക്കി ലഹരിപ്പാർട്ടി

ഇടുക്കി കട്ടപ്പനയ്ക്ക് സമീപം ലഹരിപ്പാർട്ടി നടക്കുന്നതായുള്ള പരാതിയെ തുടർന്ന് അന്വേഷിക്കാൻ എത്തിയ പോലീസ് സംഘത്തിന് നേരെ ആക്രമണം. കട്ടപ്പന സ്റ്റേഷനിലെ നാലു പോലീസുകാർക്ക് പരിക്കേറ്റു. ലഹരി സംഘത്തിലെ നാലു യുവാക്കളെ പോലീസ് അറസ്റ്റ് ചെയ്തു.

RNU TVPM

**************

## <u>ഹെൽപ്പ് ഡെസ്ക്</u>

നികുതിദായകരെ സഹായിക്കുന്നതിനായി ആദായ നികുതി വകുപ്പിന്റെ തിരുവനന്തപുരത്തെ ആയകാർ സേവാ കേന്ദ്രത്തിൽ സജ്ജമാക്കിയിട്ടുള്ള ഹെൽപ്പ് ഡെസ്കിന്റെ പ്രവർത്തനം നാളെ ആരംഭിക്കും . എല്ലാ വെള്ളിയാഴ്ചയും രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെയായിരിക്കും ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുക .

മാർഗ്ഗനിർദ്ദേശം ആവശ്യമുള്ള നികുതിദായകരെ സഹായിക്കുക എന്നതാണ് സംരംഭത്തിന്റെ ലക്ഷ്യം.

**************

## <u>വനിതാ ദിനം- സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ</u>

RNU TVPM

അന്താരാഷ്ട്ര വനിതാ ദിനത്തോട് അനുബന്ധിച്ച് കേന്ദ്ര സർക്കാർ സ്ഥാപനമായ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ തിരുവനന്തപുരം ഗവൺമെന്റ് വിമൻസ് കോളേജിൽ നാളെ സംഘടിപ്പിക്കുന്ന പരിപാടി പ്രശസ്ത നർത്തകി സിതാര ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ഭാരതീയ ന്യായ സംഹിത പ്രകാരമുള്ള സ്ത്രീ സുരക്ഷാ

നിയമങ്ങളെക്കുറിച്ച് തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജ് അസോസിയേറ്റ് പ്രൊഫസർ ഡോക്ടർ ജി ബി താജി ക്ലാസ്സ് എടുക്കും. സിബിസി അഡീഷണൽ ഡയറക്ടർ ജനറൽ വി പളനിച്ചാമി പരിപാടിയ്ക്ക് അധ്യക്ഷത വഹിയ്ക്കും

**************

## <u>കാലാവസ്ഥ</u>

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. തൃശൂർ, പാലക്കാട് ജില്ലകളിൽ നാളെയും മറ്റന്നാളും താപനില 38 ഡിഗ്രി സെൽഷ്യസ് വരെ ഉയരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ 37°C വരെയും ആലപ്പുഴ, മലപ്പുറം ജില്ലകളിൽ 36°C വരെയും

താപനില ഉയരാൻ സാധ്യതയുണ്ട്. സംസ്ഥാനത്ത് പകൽ 10 മുതൽ 3 മണി വരെ ഉയർന്ന അൾട്രാ വയലറ്റ് സൂചിക രേഖപ്പെടുത്തുന്നതിനാൽ ജനങ്ങൾ പ്രത്യേക ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പിൽ പറയുന്നു.

**************

## ഐഎസ്എൽ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ്, പഞ്ചാബ് എഫ്സിയെ നേരിടും. രാത്രി 7.30 ന് ഹൈദരാബാദിലാണ് മത്സരം.

**************

## ഓഹരി-സ്വർണ്ണം

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. സെൻസെക്സ് 609 പോയിന്റ് ഉയർന്ന് 74,340 ലും നിഫ്റ്റി 207 പോയിന്റ് ഉയർന്ന് 22,544 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ്ണവില കുറഞ്ഞു . ഗ്രാമിന് 45 രൂപ കുറഞ്ഞു 8,020 രൂപയും പവന് 360 രൂപ കുറഞ്ഞു 64,160 രൂപയുമാണ് ഇന്നത്തെ വില.

**************

**********

****

RNU TVPM